(ഇ), (എഫ്) ഉണ്ട്. പ്രധാന ശുപാർശകൾ അനുബന്ധം 1 (†) ആയും റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് അനുബന്ധം 2 ‡ ആയും ചേർത്തിട്ടുണ്ട്.

അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

28 [2065] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ഐ.സി.ഡി.എസ്. അംഗൻവാടികളിലും കിണർ കുഴിക്കുവാനും പൈപ്പ് ലൈൻ ലഭ്യമാക്കുവാനും മൂത്രപ്പുരകൾ കെട്ടുവാനും നിലവിൽ ഏതെങ്കിലും പദ്ധതികളുണ്ടെങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) അംഗൻവാടികളിലെത്തുന്ന കുഞ്ഞുങ്ങളുടെ മാനസിക വളർച്ചയ്ക്കുതകുന്ന തരത്തിൽ കളിപ്പാട്ടങ്ങളും ആശയസംവേദന സാമഗ്രികളും ലഭ്യമാക്കുവാനും സ്വന്തമായി കെട്ടിടവും വൈദ്യുതി കണക്ഷനുമുള്ള അംഗൻവാടികളിൽ ഫാനുകളും ടെലിവിഷനുകളും ലഭ്യമാക്കുവാനും ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുമോ ?

ഉത്തരം

(എ) കേരള വികസന പദ്ധതിപ്രകാരം സംസ്ഥാനത്തെ അംഗൻവാടികളിൽ കിണർ, പൈപ്പ്ലൈൻ, മൂത്രപ്പുര ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, അംഗൻവാടി കെട്ടിടം നിർമ്മിക്കുന്നതിനും ഉള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ വിഹിതത്തിൽ നിന്നും പ്രോജക്ടുകളുടെ അടിസ്ഥാനത്തിലും, ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഈ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെ പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. പ്രോജക്ടുകളിലെ 1600 അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും 800 ഹാൻഡ് പമ്പുകൾ/കിണർ/പൈപ്പ് ലൈൻ എന്നിവ സ്ഥാപിക്കുന്നതിനും ഗവൺമെന്റ് അനുമതി നൽകിയിട്ടുണ്ട്.

(ബി) അംഗൻവാടികളുടെ മേൽനോട്ടവും, നിയന്ത്രണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. അംഗൻവാടി കേന്ദ്രങ്ങൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകൾ ആക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. അംഗൻവാടി കേന്ദ്രങ്ങൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ, പഠനോപകരണങ്ങൾ തുടങ്ങിയവ വാങ്ങി നൽകുന്നതിന് പഞ്ചായത്തിനധികാരമുണ്ട്. അതുപോലെ സർക്കാർ ഈ വർഷം 75 അംഗൻവാടി സെന്ററുകൾ കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി ഉയർത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

ഐ.സി.ഡി.എസ്. പദ്ധതിയുടെ കീഴിലുള്ള അംഗൻവാടികൾ

29 [2066] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.സി.ഡി.എസ്. പദ്ധതിയിൻ കീഴിൽ ആകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ളത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

---

† & ‡ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly